**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന - പുതുക്കിയ നിരക്കിൽ സംസ്ഥാന സർക്കാർ അധിക ധനസഹായം ലഭ്യമാക്കുന്നതിന് തൃതല സഹകരണ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.167/13/തസ്വഭവ തിരുവനന്തപുരം, തീയതി, 06.05.2013

---

പരാമർശം:- 1. 2.1.2012 ലെ ജി.ഒ(എം.എസ്) നം. 2/2012/തസ്വഭവ
2. 16.3.2012 ലെ ജി.ഒ(എം.എസ്) നം. 68/12/തസ്വഭവ
3. 18.9.2012 ലെ ജി.ഒ (സാധാ) നം.2627/12/തസ്വഭവ
4. 14.03.2013 ലെ ജി.ഒ(എം.എസ്) നം. 90/13/തസ്വഭവ
5. 22.03.2013 ലെ സ.ഉ.(കൈ)നം.115/13/തസ്വഭവ

## ഉത്തരവ്

ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിന്റെ അധിക ധനസഹായം നൽകുന്നതിന് സഹകരണമേഖലയിലെ ത്രിതല ബാങ്കിംഗ് സംവിധാനത്തിലൂടെ ആവശ്യമായ തുക വായ്പയായി സമാഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 4 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലെ 13-ാം ഖണ്ഡികയിൽ വായ്പയെടുക്കുകയാണെങ്കിൽ 31-3-2013 നു മുമ്പായി അത് എടുത്തിരിക്കണമെന്നും 1-4-2013 ന് ശേഷം വായ്പയെടുക്കാൻ പാടുള്ളതല്ല എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

2. 31.03.2013 നു മുമ്പ് ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുക്കുന്നത് ബുദ്ധിമുട്ടാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ 10.75% പലിശ നിരക്കിൽ 2012-13 ലെ ഇന്ദിരാ ആവാസ് യോജന വീടുകൾക്ക്, സംസ്ഥാന സർക്കാർ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകുന്ന ഒരു വീടിന് 75,000/- രൂപ എന്ന നിരക്കിലുള്ള തുക ത്രിതല ബാങ്കിംഗ് സംവിധാനത്തിലൂടെ ലോൺ എടുക്കുന്നതിന്റെ കാലാവധി 30.04.2013 വരെ ദീർഘിപ്പിച്ച് പരാമർശം 5 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നത് 31.05.2013 വരെ ദീർഘിപ്പിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു. അതിനുശേഷം ഈ ആവശ്യത്തിന് വായ്പയെടുക്കുവാൻ പാടുള്ളതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ. രാജൻ ഖോബ്രാഗഡേ,
സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ